പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 382 — 23.01.2018 -ൽ മറുപടിക്ക്.

## ഹോട്ടലുകളിലെ ഭക്ഷണത്തിന് അമിത വില ഈടാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.പി.ടി. തോമസ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെയും ജി.എസ്.ടി. യുടെയും പേരിൽ സംസ്ഥാനത്ത് ഹോട്ടലുകൾ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന് ആനുപാതികമായി ഹോട്ടൽ ഭക്ഷണ വിലയിൽ വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. യുടെ പേരിൽ ഹോട്ടൽ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതിന് എതിരെയുള്ള നടപടികൾ നികുതി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) അമിത വില ഈടാക്കിയതിന്റെ പേരിൽ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം അമിത വില ഈടാക്കിയതിന് ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ 2017 ഡിസംബറിൽ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) അമിത വില ഈടാക്കിയതിന്റെ പേരിൽ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം 2017 ഡിസംബറിൽ ഒരു സ്ഥാപനത്തിനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല കാരണം പ്രസ്തുത ഉത്തരവ് പ്രകാരം ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്നാണ് വ്യവസ്ഥയുള്ളത്. ഹോട്ടലുകൾ അവർ നല്കുന്ന സേവനം, അടിസ്ഥാന സൗകര്യങ്ങൾ, ഗുണമേന്മ എന്നിവയുടെ അടിസ്ഥാനത്തിൽ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനാൽ വിവിധ സ്ഥലങ്ങളിൽ ഭക്ഷണ സാധനങ്ങൾക്ക് വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ വില നിശ്ചയിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഉള്ള അധികാരം സർക്കാരിനില്ല. |
| (സി) അമിതവില ഈടാക്കുന്നത് തടയുന്നതിനായി കേരള ഹോട്ടലുകൾ ഭക്ഷണ വില, ക്രമീകരണ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" -ന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവ പൂർവ്വം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ